# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7278 — 16.07.2012 ൽ - മറുപടിക്ക്

**റേഷൻകാർഡ് ബി.പി.എൽ എന്ന് തിരുത്തി നൽകുന്നതിലെ തടസ്സങ്ങൾ**

| | ചോദ്യം<br>ശ്രീ. വി. ശശി | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയിട്ടുള്ള ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെടുകയും റേഷൻ കാർഡിൽ എ.പി.എൽ എന്ന് തെറ്റായി രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള കുടുംബങ്ങളുടെ റേഷൻ കാർഡിൽ ബി.പി.എൽ എന്ന് തിരുത്തി നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; | (എ) | നിലവിൽ എ.പി.എൽ. റേഷൻകാർഡ് ഉള്ളവരും എന്നാൽ പുതുക്കിയ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ കുടുംബങ്ങളുടെ റേഷൻകാർഡ് അവരുടെ അർഹത ബോദ്ധ്യപ്പെട്ടതിനുശേഷം ബി.പി.എൽ. ആക്കി മാറ്റി നൽകാൻ ജില്ലാ കളക്ടർമാരെ 5.11.11 ലെ 38/11/ഭ.സി.സ.വ. നം. ഉത്തരവു പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം ബി.പി.എൽ. കാർഡുകൾ അനുവദിക്കുന്നുണ്ട്. ഇക്കാര്യത്തിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ ദൂരീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ